# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 217 27.01.2014-ലെ മറുപടിക്ക്

## കേന്ദ്ര സർക്കാർ പുതുതായി അനുവദിച്ച എം.ബി.ബി.എസ്. സീറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. ബി. സത്യൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർ. രോഗി അനുപാതം മെച്ചപ്പെടുത്താനായി കേന്ദ്ര സർക്കാർ പുതുതായി അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്ന പതിനായിരം എം.ബി.ബി.എസ്. സീറ്റുകളിൽ ഒന്നുപോലും സംസ്ഥാനത്തിന് നൽകാത്തതിനെ കുറിച്ചുള്ള സർക്കാർ നിലപാട് അറിയിക്കുമോ ; | (എ) ജില്ലാ ആശുപത്രികൾ സർക്കാർ മെഡിക്കൽ കോളേജുകളായി മാറ്റി എം.ബി.ബി.എസ്. കോഴ്സ് ആരംഭിച്ച് പതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നത്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രികളുടെ സൗകര്യങ്ങൾ കൂടി ലഭ്യമാക്കി എട്ടോളം പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുകയും അതിലെ ആദ്യത്തെ കോളേജ് മഞ്ചേരിയിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. അവിടെ 100 എം.ബി.ബി.എസ്. സീറ്റ് ലഭ്യമാണ്. ഉദ്ദേശിച്ചിരുന്ന മറ്റ് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നുവരുന്നു. ജനസംഖ്യ: ഡോക്ടർ അനുപാതം 2000:1 എന്ന നിലവാരത്തിൽ എത്തിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ കേരളത്തിലെ സ്ഥിതി നിലവിൽത്തന്നെ ഇതിലും മികച്ചതാണ്. തുടങ്ങാനുദ്ദേശിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ കൂടി പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഇത് 300:1 എന്ന നിലവാരത്തിൽ സമീപഭാവിയിൽത്തന്നെ എത്തിച്ചേരും. |

(ബി) സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) അർഹമായ വിഹിതം ഇതിനകം തന്നെ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. പ്രവർത്തനങ്ങൾ നടക്കുന്ന മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾ കൂടി ആരംഭിക്കുന്നതോടെ കൂടുതൽ സീറ്റുകൾ സംസ്ഥാനത്ത് ലഭിക്കുന്നതാണ്.

(സി) കേന്ദ്ര അവഗണന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്ക് പ്രോത്സാഹജനകമായിരിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ